**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4634** **19-03-2025 - ൽ മറുപടിയ്ക്ക്**

**ചെറുപുഴ ഗ്രാമപഞ്ചായത്തിലെ ആറാട്ടുകടവിലെ ആനയുടെ ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിൽ ആറാട്ടുകടവിൽ ആനയുടെ ആക്രമണത്തിൽ പത്മനാഭൻ എന്ന വ്യക്തി മരണപ്പെട്ടിരുന്നോ; എങ്കിൽ ഏതു വർഷം, ഏതു തീയതിയിലാണ് സംഭവം നടന്നത്; വ്യക്തമാക്കാമോ; | (എ) | പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിലെ ആറാട്ടുകടവിലെ പുതിയവിട്ടിൽ പത്മനാഭൻ എന്ന വ്യക്തി കർണ്ണാടക സംസ്ഥാനത്തിലെ വാഗമണ്ഡലം പോലീസ് സ്റ്റേഷൻ പരിധിയിൽ 09/08/2019 ന - കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ടതായി വിവരം ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വ്യക്തിയുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകിയിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നഷ്ടപരിഹാരം നാളിതുവരെ നൽകാതിരുന്നത് എന്ന് വിശദമാക്കാമോ; | (ബി) | കണ്ണൂർ ചെറുപുഴ ഗ്രാമപഞ്ചായത്തിലെ താമസക്കാരനായിരുന്ന പുതിയ വീട്ടിൽ പത്മനാഭൻ എന്നയാൾ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ടത് കർണാടക സംസ്ഥാനത്തു വെച്ചാകയാൽ ടിയാന്റ ഭാര്യ ശ്രീമതി ബീന മാമ്പട്ടിൽ നഷ്ടപരിഹാരത്തിനു സമർപ്പിച്ചിട്ടുള്ള അപേക്ഷ നിലവിലെ നഷ്ടപരിഹാരത്തിനായുള്ള വ്യവസ്ഥകൾ പ്രകാരം പരിഗണിക്കുവാൻ സാധിച്ചിട്ടില്ല. |
| (സി) | ടിയാന്റെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; അറിയിക്കാമോ? | (സി) | പ്രസ്തുത വിഷയം ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലെ വ്യവസ്ഥകളിൽ ഇളവ് നൽകി നഷ്ടപരിഹാരം നൽകയുന്നതിനായുള്ള അപേക്ഷ സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ